**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6310** **10-11-2021 - ൽ മറുപടിയ്ക്ക്**

**കൊല്ലം-തേനി ദേശീയപാതയിലെ അപകടസാദ്ധ്യതയേറിയ പ്രദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം-തേനി ദേശീയപാത കടന്നുപോകുന്ന മാവേലിക്കര മണ്ഡലത്തിലെ ഉരുനാഥൻകുളങ്ങര, പാറക്കുളങ്ങര, കൊച്ചാലുംമൂട് എന്നീ പ്രദേശങ്ങളിലെ അപകടസാദ്ധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കൊല്ലം - തേനി ദേശീയപാത കടന്നുപോകുന്ന മാവേലിക്കര മണ്ഡലത്തിലെ ഉരുനാഥൻകുളങ്ങര, പാറക്കുളങ്ങര എന്നീ പ്രദേശങ്ങളിലെ അപകട സാധ്യത ശ്രദ്ധ- യിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കൊച്ചാലുംമൂട് അപകടസാദ്ധ്യതാ പ്രദേശമാണെന്നുള്ള റിപ്പോർട്ടുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പ്രദേശങ്ങൾ അപകടമുക്തമാക്കുവാൻ ദേശീയപാതാ വിഭാഗവും റോഡ് സുരക്ഷാ വിഭാഗവും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | Strengthening and Geometric Improvements from Km.23/500 to 53/500 (Excluding Km. 50/300 to 51/500) of NH 183 Under Annual Plan 2019-20 on EPC mode എന്ന പ്രവൃത്തിയിൽ ഉരുനാഥൻകുളങ്ങര, പാറക്കുളങ്ങര എന്നീ സ്ഥലങ്ങളിൽ അത്യാവശ്യമുള്ള Traffic safety measures സ്വീകരിച്ചിട്ടുണ്ട്. പാറക്കുളങ്ങരയിലെ വളവ് പൂർണ്ണമായും നിവർത്തി വീതി കൂട്ടുന്നതിന് ഭൂമി ഏറ്റെടുക്കേണ്ടതായുണ്ട്. ആയത് ദേശീയപാത 183-ൽ പേവ്ഡ് ഷോൾഡറോട്ട കൂടി രണ്ടുവരി പാതയാക്കുന്നതിന് DPR-ൽ ഉൾപ്പെടുത്തി ചെയ്യുന്നതാണ്. |
| (സി) | കൊച്ചാലുംമൂട് ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | കൊച്ചാലുംമൂട് ജംഗ്ഷനിൽ ട്രാഫിക് സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് കെൽട്രോണിൽ നിന്നും ലഭ്യമാക്കുന്നതിനും, ആയതിന് റോഡ് സേഫ്റ്റി ഫണ്ട് അനുവദിക്കുന്നതിനുമായി ആലപ്പുഴ ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ